# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

***28.02.2024 (ബുധനാഴ്ച) 11 എ.എമ്മിന്***

**ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ്**

***(സെക്രട്ടറി,സ്പോർട്ട്സ് & യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം) –ന്റെ***

***അധ്യക്ഷതയിൽ ചേർന്ന 19–ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ***

## നടപടിക്കുറിപ്പ്

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള 28.02.2024 രാവിലെ 11 മണിക്ക് ചേർന്ന 19-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 19-ാമത് ഗവേർണിംഗ് ബോഡി യോഗം 2024 ഫെബ്രുവരി 28 -ാം തീയതി രാവിലെ 11.00 മണിക്ക് ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ് (സെക്രട്ടറി, സ്പോർട്ട്സ് & യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം) അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. എസ്. രാജേന്ദ്രൻ (മെമ്പർ)
4. ശ്രീമതി. ഗിരിജ സുരേന്ദ്രൻ (മെമ്പർ)
5. ശ്രീ. എ.എൻ.പ്രഭാകരൻ (മെമ്പർ)
6. ശ്രീ. രാഹുൽ.പി. ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ കേരള(പി.എ.ജി.I,കേരള)
7. ശ്രീ. എം.എസ്.ബിജുക്കുട്ടൻ, അഡീഷണൽ സെക്രട്ടറി, എൽ.എസ്.ജി.ഡി.
8. ശ്രീമതി. മിനിമോൾ.കെ.ജി. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
9. ശ്രീമതി.സുലക്ഷണ.എസ്സ്.,അസിസ്റ്റന്റ്ഡയറക്ടർ, വുമൺ ആന്റ് ചൈൽഡ് ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്
10. ശ്രീ. ഡാനിയേൽ ലിബ്നി, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ, കുടുംബശ്രീ

### യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

1. **2023 ഡിസംബർ 07-ാംതീയതി ചേർന്ന 18-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

   **തീരുമാനം:**

   18-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

2. **18-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനങ്ങളിന്മേൽ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട്**

   **തീരുമാനം:**

   18-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച പ്രവർത്തന പുരോഗതി റിപ്പോർട്ട് ഡയറക്ടർ അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു.

3. **04.01.2023-ൽ കൂടിയ ജനറൽ ബോഡി യോഗ പ്രധാന തീരുമാനങ്ങൾ**

   **തീരുമാനം:**

   പ്രധാന തീരുമാനങ്ങൾ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

N. RAMAKANTAN

PRANABJYOTI NATH IAS

4. **2023-24 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഭൗതിക പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അവലോകനം**

**തീരുമാനം:**

2023-24 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് കൈവരിച്ച ഭൗതിക പുരോഗതി (2023 ഏപ്രിൽ മുതൽ 2024 ഫെബ്രുവരി 10 വരെ) യോഗം സംതൃപ്തി രേഖപ്പെടുത്തി. 2023-24 രണ്ടാപാദ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പായി പരമാവധി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ യോഗം നിർദ്ദേശിച്ചു.

5. **സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർ പരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കൽ**

**തീരുമാനം:**

2021-2022, 2022-2023, 2023-2024 വർഷങ്ങളിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർപരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമിതി അവലോകനം ചെയ്തു. തുടർന്ന് ഓരോ സോഷ്യൽ ഓഡിറ്റ് സൈക്കിൾ പിന്നിടുമ്പോഴും സോഷ്യൽ ഓഡിറ്റ് കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യുന്ന ഇഷ്യൂസിന്റെ എണ്ണം ക്രമാനുഗതമായി വർദ്ധിക്കുന്നതായും പരിഹരിച്ച പ്രശ്നങ്ങളുടെ എണ്ണത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ലായെന്നും യോഗം വിലയിരുത്തി. അടിയന്തിരമായി തുടർപരിഹാര നടപടികൾ കൈക്കൊള്ളുവാൻ യോഗം നിർദ്ദേശിച്ചു. ജില്ല തിരിച്ചും ഇനം തിരിച്ചുമുള്ള കണ്ടെത്തലുകൾ സംബന്ധിച്ചുള്ള റിപ്പോർട്ട് അടുത്ത ഗവേർണിംഗ് ബോഡിയിൽ അവതരിപ്പിക്കുന്നതിന് യോഗം തീരുമാനിച്ചു.

6. **പുതുതായി തിരഞ്ഞെടുത്ത 10 ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയുംവയനാട്(21), കോഴിക്കോട്(5) ജില്ലയിലെ 26 വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും നിയമന നടപടികൾക്കുള്ള സാധൂകരണം**

**തീരുമാനം:**

നിലവിലെ ചട്ടങ്ങൾ പാലിച്ചുകൊണ്ടും ഗവേർണിംഗ് ബോഡിയുടെ നിർദ്ദേശ പ്രകാരവും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കായി പുതുതായി തിരഞ്ഞെടുത്ത പത്ത് ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും വയനാട് (21), കോഴിക്കോട്(5) ജില്ലകളിലെ 26 വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും നിയമനത്തിന് യോഗം സാധൂകരണം നൽകി.

7. **ജില്ല റിസോഴ്സ് പേഴ്സൺമാരുടെ ഇൻഡക്ഷൻ ട്രെയിനിംഗും പുതുതായി തിരഞ്ഞെടുത്ത വയനാട്, കോഴിക്കോട് ജില്ലയിലെ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും പരിശീലനം സംബന്ധിച്ച റിപ്പോർട്ട്**

**തീരുമാനം:**

പുതുതായി തിരഞ്ഞെടുത്ത ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ പ്രാഥമിക പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചു. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ജില്ലാ-ബ്ലോക്ക് എല്ലാ റിസോഴ്സ് പേഴ്സൺമാർക്കും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള 30 ദിവസത്തെ പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ യോഗം നിർദ്ദേശിച്ചു.

...MAKANTAN

C.W.C. BUILDING
L.M.S. PALAYAM
TRIVANDRUM -33

PRANAB JYOTI NATH IAS
Secretary to Government

**8. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ (എം.ഐ.എസ് അടിസ്ഥാനമാക്കി ഇനം തിരിച്ച പട്ടിക) കൈപ്പുസ്തകത്തിന്റെ പ്രസിദ്ധീകരണം-സംബന്ധിച്ച വിവരം**

**തീരുമാനം:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായുള്ള കണ്ടെത്തലുകൾ എം.ഐ.എസ്സിൽ റിപ്പോർട്ട് ചെയ്യുന്നതിന് സഹായകരമായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തയ്യാറാക്കിയ കൈപ്പുസ്തകത്തിന്റെ ആവശ്യകത യോഗം വിലയിരുത്തുകയും ഇത്തരമൊരു കൈപ്പുസ്തകം തയ്യാറാക്കുന്നതിന് കഴിഞ്ഞതിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

**9. എൻ.ഐ.ആർ.ഡി.പി.ആർ, ഹൈദരാബാദ് തയ്യാറാക്കുന്ന സ്റ്റാറ്റസ് ഓഫ് സോഷ്യൽ ഓഡിറ്റ് ഇൻ ഇന്ത്യ -സംബന്ധിച്ച വിവരം**

**തീരുമാനം:**

എൻ.ഐ.ആർ.ഡി.പി.ആർ.ബൈദരാബാദ് തയ്യാറാക്കുന്ന സ്റ്റാറ്റസ് ഓഫ് സോഷ്യൽ ഓഡിറ്റ് ഇൻ ഇന്ത്യ എന്ന റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി കേരളത്തിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ നിശ്ചിത പെർഫോർമയിൽ തയ്യാറാക്കിയ നടപടി യോഗം വിലയിരുത്തുകയും അതിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. കേരളത്തിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായും സമൂലമായും തയ്യാറാക്കിയ റിപ്പോർട്ട് അംഗങ്ങൾക്ക് ലഭ്യമാക്കണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

**10. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഓഫീസ് ഉപയോഗത്തിനായി മൂലധന ആസ്തികൾ (ലാപ്ടോപ്പ്,പ്രിന്റർ, ഫർണിച്ചർ)വാങ്ങിയ നടപടിക്കുള്ള സാധൂകരണം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വാങ്ങിയ മൂലധന ആസ്തികളുടെ (ഫർണിച്ചർ-3, ലാപ് ടോപ്പ്-2, പ്രിന്റർ-1) ചെലവായ (2,58,473/- രൂപ) തുകയ്ക്ക് യോഗം സാധൂകരണം നൽകി.

**11. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എക്സ്റ്റേണൽ ഇവാല്യുവേഷൻ സംവിധാനത്തെ ചുമതല ഏൽപിക്കുന്നതു സംബന്ധിച്ചുള്ള തീരുമാനം**

**തീരുമാനം:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നടത്തുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ എക്സ്റ്റേണൽ ഇവാല്യൂവേഷൻ നടത്തുന്നതിനായി നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന ഗവേഷണ പഠന സ്ഥാപനങ്ങളെ ഏൽപിക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഇവാല്യൂവേഷൻ നടത്തി വരുന്നതും സാർവ്വത്രികമായി അംഗീകാരം നേടിയതുമായ “കില” (Kerala Institute of Local Administration) എന്ന സ്ഥാപനത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ എക്സ്റ്റേണൽ ഇവാല്യൂവേഷൻ നടത്തുന്നതിന് ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും തുടർ നടപടികൾ കൈക്കൊള്ളുവാൻ യോഗം ഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തു.

...AKANTAN

PRANAB... NATH IAS

12. **സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച കൈപ്പുസ്കതം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി-സംബന്ധിച്ച തീരുമാനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കുന്നതും സോഷ്യൽ ഓഡിറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരികരിക്കുന്നതിനും സഹായകമായ ഒരു കൈപ്പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനും ഇതിന്റെ കോപ്പി പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയവർക്കും മറ്റ് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

13. **മറ്റ് തീരുമാനങ്ങൾ**

1. സോഷ്യൽ ഓഡിറ്റ് സൊസറ്റിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനവിനിയോഗ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പുതുതായി ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച് കൈക്കൊണ്ട നടപടികളുടെ പുരോഗതി യോഗം വിലയിരുത്തി. സൊസൈറ്റികളുടെ ധനവിനിയോഗ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ പാനൽ അക്കൗണ്ടന്റ് ജനറൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ലായെന്ന് യോഗത്തിൽ സന്നിഹിതനായിരുന്ന ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ അറിയിച്ചു. 2023-24 സാമ്പത്തിക വർഷത്തെ ധനവിനിയോഗ റിപ്പോർട്ട് സമയബന്ധിതമായി തയ്യാറാക്കി കേന്ദ്ര ഗ്രാമവികസന വകുപ്പിന് നൽകേണ്ടതിനാൽ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ രജിസ്റ്റേർഡ് സംഘടനയായ സതേൺ ഇന്ത്യ റീജിയണൽ കൗൺസിൽ (SIRC) നിന്നും താല്പര്യപത്രം ക്ഷണിച്ച് അനുയോജ്യമായ ചാർട്ടേർഡ് അക്കൗണ്ടന്റിനെ കണ്ടെത്തി ചുമതല നൽകേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു.
2. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പേര് മാറ്റി പുനർനാമകരണം ചെയ്യുന്നതിനുള്ള നിർദ്ദേശം 04.01.2024 കൂടിയ ജനറൽ ബോഡി യോഗം അംഗീകരിക്കുകയും തുടർ നടപടികൾക്കായി ഗവൺമെന്റിൽ സമർപ്പിച്ചതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തു.
3. സോഷ്യൽ ഓഡിറ്റ് ഡയറക്ടർക്ക് ജപ്പാനിൽ നടക്കുന്ന പഠന-സന്ദർശന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള അനുമതി സംബന്ധിച്ച നിർദ്ദേശം യോഗം ചർച്ച ചെയ്തു. സോഷ്യൽ ഓഡിറ്റ് ഡയറക്ടർ ഡോ.എൻ.രമാകാന്തന് ജപ്പാനിലെ നിഹോൺ ഫുക്കുഷി യൂണിവേഴ്സിറ്റി സംഘടിപ്പിക്കുന്ന പഠന സന്ദർശന പരിപാടിയിൽ പങ്കെടുക്കുന്നതിന് ക്ഷണം ലഭിച്ചിട്ടുണ്ട്. 2024 ഏപ്രിൽ 4 മുതൽ 15 വരെയാണ് പ്രസ്തുത പഠന സന്ദർശനം. ഇതിനാവശ്യമായ പൂർണ്ണമായ ചെലവുകൾ ഡോ. എൻ.രമാകാന്തനും, ഫുക്കുഷി യൂണി വേഴ്സിറ്റിയുമാണ് വഹിക്കുന്നത് കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളക്കോ ഇതുമായി ബന്ധപ്പെട്ട യാതൊരു സാമ്പത്തിക ബാദ്ധ്യതയുംഉണ്ടാകുന്നതല്ല. ആയതിനാൽ പ്രസ്തുത പഠനസന്ദർശനയാത്രയ്ക്ക്ഡയറക്ടർ ഡോ.എൻ.രമാകാന്തന് അനുമതി നൽകണമെന്ന അഭ്യർത്ഥനയോഗം അംഗീകരിച്ചു.

C.W.C. BUILDING
L.M.S. PALAYAM
TRIVANDRUM -33

Govt. Secretariat

...KANTAN

PRANABJYOTI NATH IAS

4. 2024 മാർച്ച് 12-ന് രാവിലെ 11 മണിക്ക് അടുത്ത ഗവേർണിംഗ് ബോഡി യോഗം ഓൺ ലൈനായി കൂടുവാൻ തീരുമാനിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ടെന്നും ഇതിനായി പ്രവർത്തിച്ച എല്ലാ ഗവേർണിംഗ് ബോഡി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും ചെയർമാൻ അഭിനന്ദനം രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്ക് 12.10-ന് അവസാനിച്ചു.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

**പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള
സ്പോർട്ട്സ് & യുവജനകാര്യം സെക്രട്ടറി.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry & Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

SPORTS & YOUTH AFFAIRS, ANIMAL HUSBANDRY, DAIRY DEPT.
Govt. Secretariat